(സി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തെക്കാൾ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കെ.എസ്.ഐ.ഡി.സി. പങ്കാളിത്തത്തോടെയുള്ള വ്യവസായ നിക്ഷേപത്തിൽ കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആരോപണം അടിസ്ഥാനരഹിതമാണ്.

(ബി) ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്. കാരണം LDF-ന്റെ 5 വർഷത്തെ കണക്കാണ്. UDF-ന്റെ 4 വർഷത്തെ കണക്കുകളെ വന്നിട്ടുള്ളൂ.

കുറിപ്പ്:—രജിസ്ട്രേഷൻ നിർബന്ധമല്ലാത്തതിനാൽ കൃത്യമായ കണക്കുകൾ ലഭ്യമല്ല. LDF-ന്റെ 5 വർഷവും UDF-ന്റെ 4 വർഷവും തമ്മിലുള്ള താരതമ്യം കൃത്യമല്ല.

ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ

10 [3522] *ഡോ. എ. നീലലോഹിതദാസൻ നാടാർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ എന്നാണ് കേരളത്തിൽ ആരംഭിച്ചത്; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങളോ സഹായങ്ങളോ ഉണ്ടായിരുന്നോ; അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ എങ്ങനെയാണ് നടന്നുവരുന്നത്; കേന്ദ്ര സർക്കാരിന്റെ സഹായം ഇക്കാര്യത്തിൽ ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളെന്താണെന്നും അവയുടെ ഭരണച്ചെലവെന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) കേന്ദ്രവ്യാവസായിക നയത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ 1978-1979 സാമ്പത്തിക വർഷത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും സാമ്പത്തികസഹായം ലഭിച്ചിരുന്നു. ഇപ്പോൾ പൂർണ്ണമായും സ്റ്റേറ്റ് ഫണ്ടാണ് ഉപയോഗിക്കുന്നത്. എന്നാൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന നൂക്ലിയർ സെല്ലിലെ (100% CSS) ഉദ്യോഗസ്ഥൻമാർക്ക് മാത്രമായി ശമ്പളം നൽകുന്നതിനായി 12,76,679 രൂപയും സെൻസസ് ആവശ്യങ്ങൾക്കായി 6,43,945 രൂപയും കേന്ദ്ര സഹായം ലഭിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചെറുകിട വ്യവസായ മേഖലയിൽ ഊന്നിയുള്ള വ്യവസായ വികസനമാണ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി പ്രധാനമായും നടത്തുന്നത്. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ, പദ്ധതികൾ, വ്യവസായ വികസനത്തിനും നിലനിൽപ്പിനും വേണ്ടുന്ന പ്രവർത്തനങ്ങളും ജില്ലാ വ്യവസായ കേന്ദ്രങ്ങളാണ് നടപ്പിലാക്കുന്നത്. ഭരണച്ചെലവിന് സംസ്ഥാന വിഹിതമാണ് ഉപയോഗിക്കുന്നത്.

ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ഭരണ ചെലവിനായി 2004-2005-ൽ 9,50,75,548 രൂപ വേണ്ടിവന്നു.

പ്രവർത്തനരഹിതമായിട്ടുള്ളതോ, ലേ ഓഫ് അവസ്ഥയിലോ ഉള്ള വ്യവസായ സ്ഥാപനങ്ങളെ പ്രവർത്തനസജ്ജമാക്കാൻ നടപടി

11 [3524] *ശ്രീ. തോമസ് ഉണ്ണിയാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തനരഹിതമായിട്ടുള്ളതോ ലേ ഓഫ് അവസ്ഥയിലോ സ്ഥിതി ചെയ്യുന്നതെന്ന് അറിയിക്കാമോ;

(ബി) അങ്ങനെയുള്ള പ്രമുഖ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തന സജ്ജമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) പൊതുമേഖലയ്ക്ക് നഷ്ടം വരുത്തുന്നതാണ് പ്രവർത്തനരഹിതമായ പല വ്യവസായ സ്ഥാപനങ്ങളുമെന്ന വിലയിരുത്തലിന്റെ പശ്ചാത്തലത്തിൽ അങ്ങനെയുള്ള സ്ഥാപനങ്ങൾ സഹകാര്യ സംരംഭകരേയോ തൊഴിലാളി പ്രസ്ഥാനങ്ങളെത്തന്നെയോ ഏൽപ്പിച്ച് സ്തംഭനാവസ്ഥ പരിഹരിക്കുവാൻ സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ്, കേരള സോപ്സ് ആന്റ് ഓയിൽസ്, കേരള സെറാമിക്സിന്റെ പോഴ്സലൈൻ ഡിവിഷൻ, കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ്, മെട്രോപൊളിറ്റൻ എൻജിനീയറിംഗ് കമ്പനി, കെൽട്രോൺ റെക്ടിഫയേഴ്സ്, ചാലക്കുടി റിഫ്രാക്ടറീസ് ലിമിറ്റഡ്, കെൽട്രോൺ പവർ ഡിവൈസസ് സിഡ്കൽ ടെലിവിഷൻ, കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് എന്നിവ പ്രവർത്തനം നിലച്ചവയാണ്. കെ.എസ്.ഐ.ഡി.സി.-യുടെ സാമ്പത്തിക സഹായമുള്ള 68 സ്ഥാപനങ്ങളും പൂട്ടിക്കിടക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കോഴിക്കോട് ജില്ലയിലെ യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിന്റെ പ്രവർത്തനം നിർത്തലാക്കാൻ തീരുമാനിച്ചെങ്കിലും കോഴിക്കോട് ജില്ലയിലെ വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly